A

# സമഗ്ര ശിക്ഷാ കേരളം

505

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2026-2027


## സാമൂഹ്യശാസ്ത്രം

ക്ലാസ്: 5 സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.

**1** വിക്കിയും പീലിയുടെ അമ്മയും നടത്തുന്ന സംഭാഷണം ശ്രദ്ധിക്കൂ.




a) ആദ്യത്തെ പ്രതികരണവും രണ്ടാമത്തെ പ്രതികരണവും താരതമ്യം ചെയ്ത് വിക്കിയുടെ മനോഭാവത്തിൽ വന്ന മാറ്റം വിശദമാക്കുക.

b) നാടൻ ഭക്ഷണം കഴിച്ച് ഇഷ്ടം തോന്നിയ വിക്കി പീലിയുടെ അച്ഛനോട് കൃഷിയുമായി ബന്ധപ്പെട്ട് ചോദിക്കാൻ സാധ്യതയുള്ള രണ്ട് ചോദ്യങ്ങൾ തയ്യാറാക്കുക.

**2** നമുക്ക് ചുറ്റും ഗ്രാമജീവിതം ഇഷ്ടപ്പെടുന്നവരെയും നഗരജീവിതം ഇഷ്ടപ്പെടുന്നവരെയും കാണാൻ കഴിയും.

a) ഗ്രാമജീവിതത്തിന്റെയും നഗരജീവിതത്തിന്റെയും സവിശേഷതകൾ ഉൾപ്പെടുത്തി ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

b) പീലിയുടെ ഗ്രാമത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്ത പ്രസ്താവന ഏത്?

i) നീന്തൽ പഠിക്കാൻ ധാരാളം കുളങ്ങളുണ്ട്.

ii) ക്വാർട്ടേഴ്സിൽ ആണ് താമസം.

iii) കുട്ടികൾക്ക് ധാരാളം കളിസ്ഥലങ്ങളുണ്ട്.

iv) സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും ആഴ്ചച്ചന്തകളിൽ നിന്നാണ്.

മൂന്നാമത്തെ ചോദ്യത്തിന് 3(A), 3(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 3(A), 3(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.

3(A) ഉണക്ക മരം പാറയിൽ ഉരച്ചോ, കല്ലുകൾ കൂട്ടിമുട്ടിച്ചോ തീ ഉണ്ടാക്കാമെന്ന് ആദിമ മനുഷ്യർ മനസിലാക്കി.

a) തീ കണ്ടുപിടിക്കുന്നതിന് മുൻപും അതിനുശേഷവുമുള്ള മനുഷ്യന്റെ ഭക്ഷണരീതിയിൽ വന്ന മാറ്റം പട്ടികപ്പെടുത്തുക.

| തീ കണ്ടുപിടിക്കുന്നതിന് മുൻപ് | തീ കണ്ടുപിടിച്ചതിന് ശേഷം |
|---|---|
| • | • |
| • | • |

b) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കേരളസർക്കാർ രൂപം കൊടുത്ത പദ്ധതിയുടെ പേര്?

A) കുടുംബശ്രീ മിഷൻ B) ഹരിതമിഷൻ

C) ശുചിത്വമിഷൻ D) കാരുണ്യമിഷൻ

**അല്ലെങ്കിൽ**

3(B) വാർത്താ തലക്കെട്ടുകൾ ശ്രദ്ധിക്കൂ.

യുദ്ധം : നൂറുകണക്കിന് കപ്പലുകൾ ഹോർമൂസ് കടലിടുക്കിൽ അകപ്പെട്ടു

രാജ്യത്ത് തൊഴിലില്ലായ്മ ഏറ്റവും ഉയർന്ന നിലയിൽ

ഉത്തരേന്ത്യയിൽ മിന്നൽ പ്രളയം. കൃഷിയിടങ്ങൾ പൂർണമായും നശിച്ചു


a) രാജ്യത്ത് ദാരിദ്ര്യത്തിനും പട്ടിണിയ്ക്കും ഇടയാക്കുന്ന കാരണങ്ങൾ ഏതെല്ലാം?

b) പട്ടിണിയില്ലാത്ത ലോകം സൃഷ്ടിക്കുന്നതിന് നിങ്ങൾക്ക് നൽകാവുന്ന രണ്ട് നിർദേശങ്ങൾ എഴുതുക.

നാലാമത്തെ ചോദ്യത്തിന് 4(A), 4(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 4(A), 4(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.

4(A)

a) ചിത്രം നിരീക്ഷിച്ച്, നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.



i. ഈ ഗ്രാമത്തിലെ രണ്ട് കാർഷിക തൊഴിലുകൾ ഏതെല്ലാം?

ii. രണ്ട് കാർഷികേതര തൊഴിലുകൾ ഏതെല്ലാം?

iii. പലചരക്കുകടക്കാരൻ കൃഷിക്കാരനെ എങ്ങനെ സഹായിക്കുന്നു?

iv. കൃഷിക്കാരൻ പലചരക്കുകടക്കാരനെ എങ്ങനെ സഹായിക്കുന്നു?

b) ഇന്ത്യയിൽ ഏറ്റവുമധികം ജനങ്ങൾ ഏർപ്പെട്ടിരിക്കുന്ന തൊഴിൽമേഖല ഏതാണ്?

A. കാർഷികമേഖല B. സേവനമേഖല

C. വാണിജ്യമേഖല D. വ്യവസായമേഖല

**അല്ലെങ്കിൽ**

**4(B)** വരുമാനം ലഭിക്കുന്ന അധ്വാനമോ വസ്തുവകകളോ ആണ് വരുമാന സ്രോതസ്സുകൾ.

a) ദീപുവിന്റെ വീട്ടിൽ നാല് വരുമാന സ്രോതസ്സുകളുണ്ട്.

i. അച്ഛൻ വയലിൽ നെൽകൃഷി ചെയ്യുന്നു.

ii. അമ്മ ഒരു ടെക്സ്റ്റൈൽ ഷോപ്പിൽ ജോലി ചെയ്യുന്നു.

iii. ദീപു പഠനത്തിന് ശേഷം പച്ചക്കറി വിറ്റ് കാശുണ്ടാക്കുന്നു.

iv. മുത്തശ്ശി വീടിന്റെ മുകളിലെ മുറി വാടകയ്ക്ക് കൊടുത്തിരിക്കുന്നു.

കുടുംബാംഗങ്ങളുടെ വരുമാന സ്രോതസ്സുകൾ പരിശോധിച്ച് താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| കുടുംബാംഗങ്ങൾ | വരുമാന സ്രോതസ്സുകൾ | വരുമാനം |
|---|---|---|
| അച്ഛൻ | കൃഷി | i. .................. |
| അമ്മ | ii. ......................... | കൂലി |
| ദീപു | ബിസിനസ് | iii. ...................... |
| മുത്തശ്ശി | ആസ്തികൾ | വാടക |

b) നെൽകൃഷി നഷ്ടമായാൽ ദീപുവിന്റെ കുടുംബം പട്ടിണിയാകുമോ? കാരണം വിശദമാക്കുക.

**5** അധ്വാനിക്കാനുള്ള മനസ്സും ആത്മവിശ്വാസവും ഉണ്ടെങ്കിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിതവിജയം കൈവരിക്കാം.

നൽകിയിരിക്കുന്ന ചില സ്വയംതൊഴിൽ സന്ദർഭങ്ങൾ ശ്രദ്ധിക്കുക.

പേപ്പർ ക്യാരിബാഗ് നിർമ്മാണത്തിലൂടെ അനുവും അനിതയും ഒരു മാസം നേടുന്നത് അമ്പതിനായിരം രൂപയാണ്.

ശാരീരിക വെല്ലുവിളി നേരിടുന്ന വിൻസി തനിക്കനുവദിക്കപ്പെട്ട അക്ഷയ സെന്റർ നടത്തിപ്പിലൂടെ കുടുംബജീവിതം ഭദ്രമാക്കി.

വിവിധതരം മസാലപ്പൊടികളുടെ നിർമ്മാണത്തിലൂടെ സുഹറയും അലോനയും നീതുവും നേടുന്നത് രണ്ട് ലക്ഷം രൂപയാണ്

a) എന്താണ് സ്വയംതൊഴിൽ എന്നതുകൊണ്ട് അർഥമാക്കുന്നത്?

b) മറ്റ് ഏതെങ്കിലും രണ്ട് സ്വയംതൊഴിൽ സന്ദർഭങ്ങൾ കുറിക്കുക.

c) ചേരുംപടി ചേർത്ത് ക്രമീകരിച്ചിരിക്കുന്നതിൽ ശരിയായത് തിരഞ്ഞെടുത്ത് എഴുതുക.

| സ്വയം തൊഴിൽ പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|
| i. നവജീവൻ പദ്ധതി | a) വനിതകൾ |
| ii. കൈവല്യ | b) ഭിന്നശേഷിക്കാർ |
| iii. ശരണ്യ | c) മുതിർന്ന പൗരർ |

A. i – c, ii – b, iii – a
B. i – b, ii – c, iii – a
C. i – a, ii – b, iii – c
D. i – a, ii – c, iii - b

6 താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

പ്രസ്താവന :

- സുനു ചില സമയങ്ങളിൽ കോട്ടൺ ബനിയനും ജീൻസും ധരിക്കുന്നു.
- ചില സമയങ്ങളിൽ റെയിൻകോട്ട് ധരിക്കുന്നു.
- ചില സമയങ്ങളിൽ കമ്പിളി വസ്ത്രങ്ങൾ ധരിക്കുന്നു.

a) സുനു വിവിധ സമയങ്ങളിൽ വ്യത്യസ്ത വസ്ത്രങ്ങൾ ധരിക്കുന്നതിന്റെ കാരണമെന്ത്?

b) 5000 വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന ഒരു കുട്ടിയ്ക്ക് ഇന്നത്തെപ്പോലെ വിവിധതരം വസ്ത്രങ്ങൾ ധരിക്കുവാൻ കഴിയുമായിരുന്നോ? എന്തുകൊണ്ട്?

c) തന്നിരിക്കുന്ന സൂചകങ്ങളിൽ നിന്നും ഇന്നത്തെ മനുഷ്യന്റെ വസ്ത്രത്തിൽ വന്ന പ്രധാന മാറ്റങ്ങൾ ക്രമപ്പെടുത്തുക.

- നെയ്ത്തുവിദ്യ ആരംഭിച്ചു
- ആധുനിക വസ്ത്രനിർമ്മാണയന്ത്രങ്ങൾ ഉപയോഗപ്പെടുത്തി
- പരുത്തിയിൽ നിന്നും തുണി നിർമ്മിച്ചു
- മരവുരി/വലിയഇലകൾ/മൃഗത്തോൽ എന്നിവ വസ്ത്രമാക്കി ഉപയോഗിച്ചു

